**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തൃശ്ശൂർ കോർപ്പറേഷൻ - ദിവാൻജിമൂല മേൽപ്പാലം അപ്രോച്ച് റോഡ് നിർമ്മാണം - ഹഡ്കോയിൽ നിന്നും വായ്പയെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ.1878/2018/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം : 09/07/2018

പരാമർശം :- (1) തൃശ്ശൂർ കോർപ്പറേഷന്റെ 27.02.2018 തീയതിയിലെ കൗൺസിൽ യോഗത്തിന്റെ 1-ാം നമ്പർ തീരുമാനം.

(2) തൃശ്ശൂർ കോർപ്പറേഷൻ മേയറുടെ 09.04.2018 തീയതിയിലെ DW7-A5/37092/17 നമ്പർ കത്ത്.

## ഉത്തരവ്

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ദിവാൻജിമൂല മേൽപ്പാലം അപ്രോച്ച് റോഡ് നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിനായി ഹഡ്കോയിൽ നിന്നും ലോൺ ലഭ്യമാക്കുന്നതിന് HUDCO യുടെ നിയമാവലിക്ക് അനുസരിച്ച് സർക്കാർ ഗ്യാരന്റിക്ക് ശ്രമിക്കുന്നതിനും അല്ലാത്തപക്ഷം നഗരസഭയുടെ ഉടമസ്ഥതയിലുള്ള ശക്തൻ ആർക്കേഡ് എന്ന 5 നില കെട്ടിടം ഉൾപ്പെടെ നിലകൊള്ളുന്ന 39.54 സെന്റ് സ്ഥലത്തിന്റെ പ്രമാണം ഈടായി നൽകി ഹഡ്കോയിൽ നിന്നും വായ്പ ലഭ്യമാക്കുന്നതിന് അനുമതി നൽകുന്നതിനും ഇതിനായി കോർപ്പറേഷൻ മേയർ, സെക്രട്ടറി എന്നിവരെ ചുമതലപ്പെടുത്തുന്നതിനും പരാമർശം (1)പ്രകാരം തൃശ്ശൂർ കോർപ്പറേഷൻ കൗൺസിൽ യോഗം തീരുമാനിച്ചിട്ടുണ്ട്. അതിൻപ്രകാരം സർക്കാർ ഗ്യാരണ്ടിയോടുകൂടി അപ്രോച്ച് റോഡ് നിർമ്മാണത്തിനാവശ്യമായ 8.18 കോടി രൂപ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും, അല്ലാത്തപക്ഷം പ്രസ്തുത 39.54 സെന്റ് സ്ഥലത്തിന്റെ പ്രമാണം ഈടായി നൽകി ഹഡ്കോയിൽ നിന്നും വായ്പ ലഭ്യമാക്കുന്നതിന് അനുമതി നൽകണമെന്നും തൃശ്ശൂർ കോർപ്പറേഷൻ മേയർ പരാമർശം (2)പ്രകാരം അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ദിവാൻജിമൂല മേൽപ്പാലം അപ്രോച്ച് റോഡ് നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിനായി നഗരസഭയുടെ ഉടമസ്ഥതയിലുള്ള ശക്തൻ ആർക്കേഡ് എന്ന 5

നില കെട്ടിടം ഉൾപ്പെടെ നിലകൊള്ളുന്ന 39.54 സെന്റ് സ്ഥലത്തിന്റെ പ്രമാണം ഈടായി നൽകി ഹഡ്കോയിൽ നിന്നും 8.18 കോടി രൂപ വായ്പ ലഭ്യമാക്കുന്നതിന്, ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ നിബന്ധനകൾ കൃത്യമായും പാലിച്ചിരിക്കേണ്ടതാണെന്ന നിബന്ധനയോടെ, തൃശ്ശൂർ കോർപ്പറേഷന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം),
സിന്ധു.എൽ
സ്പെഷ്യൽ സെക്രട്ടറി

മേയർ / സെക്രട്ടറി, തൃശ്ശൂർ കോർപ്പറേഷൻ.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ധനകാര്യ വകുപ്പ് (DEV-3/154/2018-Fin (e 855729)
ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.